ഉത്തരം

(എ) ഈ വർഷം ശുദ്ധജല മത്സ്യരോഗബാധയെപ്പറ്റി റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) 2002 ഒക്ടോബർ മാസത്തിൽ വെള്ളായണി കായലിൽ കരിമീനുകൾ ചത്തു പൊന്തിയതായി പത്രവാർത്ത വന്നിരുന്നു. ഇതേക്കുറിച്ച് അഡാക് നടത്തിയ അന്വേഷണത്തിൽ ജലപരിസ്ഥിതിയിൽ പെട്ടെന്നുണ്ടായ മാറ്റങ്ങളാണ് രോഗ കാരണമെന്ന് കണ്ടെത്തി.

മത്സ്യബന്ധനമേഖലയുടെ വികസനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കേന്ദ്രഗവൺമെന്റ് സ്ഥാപനങ്ങൾ

76 (4684) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധനവും അതിന്റെ വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്രഗവൺമെന്റ് സ്ഥാപനങ്ങൾ ഏതെല്ലാമാണ് ;

(ബി) ഈ സ്ഥാപനങ്ങളിൽ നിന്നും എന്തെല്ലാം സഹായങ്ങളാണ് മത്സ്യ കർഷകർക്കും മത്സ്യത്തൊഴിലാളികൾക്കും ലഭിച്ചുവരുന്നത് ;

(സി) ഈ കേന്ദ്രഗവൺമെന്റ് സ്ഥാപനങ്ങൾ ഈ വർഷം ഇതുവരെ സംസ്ഥാനത്ത് എന്തുതുക ചെലവാക്കി എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1. മറൈൻ പ്രൊഡക്റ്റ്സ് എക്സ്പോർട്ട് ഡവലപ്മെന്റ് അതോറിറ്റി (എം.പി.ഇ.ഡി.എ.) കൊച്ചി.

2. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (സി.ഐ.എഫ്.റ്റി.) കൊച്ചി.

3. സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സി.എം.ആർ.ഐ.) കൊച്ചി, വിഴിഞ്ഞം.

4. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിഷറീസ് നോട്ടിക്കൽ എഞ്ചിനീയറിംഗ് ആന്റ് ട്രെയിനിംഗ് (സി.ഐ.എഫ്.എൻ.ഇ.റ്റി.) സിഫ്നെറ്റ്, കൊച്ചി.

5. ഇൻഗ്രേറ്റഡ് ഫിഷറീസ് പ്രോജക്ട് (ഐ.എഫ്.പി.) കൊച്ചി.

6. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യനോഗ്രാഫി (എൻ.ഐ.ഒ.) കൊച്ചി.

LIBRARY ARCHIVES Kerala Legislative Assembly

7. ഫിഷറീസ് സർവ്വേ ഓഫ് ഇന്ത്യ (എഫ്.എസ്.ഐ.) കൊച്ചി.

8. സെൻട്രൽ ഇൻലാന്റ് ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സി.ഐ.എഫ്.ആർ.ഐ.) ആലപ്പുഴ.

(ബി) ഇതുസംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) സിഫ്റ്റ് 2.13 കോടി രൂപയും എം.പി.ഇ.ഡി.എ. 67.24 ലക്ഷം രൂപയും സി.ഐ.എഫ്.ആർ.ഐ. 12.5 ലക്ഷം രൂപയും ഈ സാമ്പത്തിക വർഷം സംസ്ഥാനത്ത് ചെലവാക്കിയിട്ടുണ്ട്.

മത്സ്യഫെഡിലെ അനധികൃത പ്രൊമോഷൻ

77 (4685) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഫെഡിലെ അനധികൃത പ്രൊമോഷനുകളെ സംബന്ധിച്ച് രജിസ്ട്രാർ നടത്തിയ അന്വേഷണത്തിൽ എത്ര ജീവനക്കാർ കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(ബി) ഇവർ ആരൊക്കെയാണെന്നും ഇവർ ഇപ്പോൾ ഏതൊക്കെ തസ്തികകളിൽ ജോലി ചെയ്തുവരുന്നുവെന്നും വെളിപ്പെടുത്താമോ ;

(സി) കുറ്റക്കാരായ ജീവനക്കാരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇതിനു കാലതാമസം വരുന്നതിന് കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ നടത്തിയ അന്വേഷണത്തിൽ അനധികൃതമായി പ്രൊമോഷൻ നല്കിയതായി ചൂണ്ടി കാണിച്ചിരിക്കുന്നത് ഇപ്പോൾ ഡെപ്യൂട്ടി ജനറൽ മാനേജർ തസ്തികയിൽ ജോലി നോക്കുന്ന ഡോക്ടർ കെ. ശോഭേർകുമാറിനാണ്.

(സി&ഡി) രജിസ്ട്രാർ ആവശ്യപ്പെട്ട പ്രകാരം മത്സ്യഫെഡിൽ അനധികൃതമായി നടന്ന നിയമനങ്ങളെപ്പറ്റിയും പ്രൊമോഷനുകളെപ്പറ്റിയും നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി മത്സ്യഫെഡ് എം.ഡി. ബന്ധപ്പെട്ട ജീവനക്കാരിൽനിന്ന് വിശദീകരണം ചോദിച്ചിരിക്കയാണ്. കൂടാതെ ഈ ക്രമക്കേടുകളെപ്പറ്റി സമയ ബന്ധിതമായി അന്വേഷണം നടത്തി ശുപാർശകൾ സമർപ്പിക്കുന്നതിനായി വിദഗ്ദ്ധരടങ്ങുന്ന ഒരു ഉന്നതതല കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിക്കുകയുമുണ്ടായി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly